

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സി.എച്ച്.എം.എച്ച്.എസ്.എസ്. കാവുംപടി

ഇരിട്ടി ഉപജില്ല

തലശ്ശേരി വിദ്യാഭ്യാസ ജില്ല

കണ്ണൂർ

2025

# ആമുഖം

പ്രകൃതിരമണീയമായ പുരളിമലയുടെ താഴ്‌വാരത്തിലെ മലയോര ഗ്രാമമാണ് തില്ലങ്കേരി. വീരപഴശ്ശിയുടെ പടയോട്ടവും ജന്മിത്വത്തിനെതിരായ സമരവും പകർന്നുനൽകിയ ചരിത്ര പ്രാധാന്യവും ഭൂപടത്തിലും സംസ്കാരത്തിലും തില്ലങ്കേരിയെ വേറിട്ട് നിർത്തി. തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ പഴയ അഞ്ചാം വാർഡ് ആയ കാവുംപടി എന്ന പ്രദേശത്ത് 1995 ആഗസ്റ്റ് ഏഴാം തിയ്യതിയാണ് വിദ്യാഭ്യാസ വിചക്ഷണനായ "സി എച്ചി" ന്റെ നാമധേയത്തിൽ സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത്. തില്ലങ്കേരി ഗ്രാമപ്രദേശത്തെ സാംസ്കാരിക വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് സ്ഥാപിതമായ വിദ്യാലയം ലക്ഷ്യപൂർത്തികരണ യാത്ര തുടരുകയാണ് .

സാധാരണക്കാരായ കർഷകരും കർഷക തൊഴിലാളികളും തിങ്ങി താമസിക്കുന്ന ഗ്രാമീണ സാമൂഹിക അന്തരീക്ഷം നിലനിൽക്കുന്ന ഇവിട്ടുത്തുകാർക്ക് 1995 ന് മുൻപ് ഹൈസ്കൂൾ വിദ്യാഭ്യാസം എന്നത് അപ്രാപ്യവും ദുർഘടവും ആയിരുന്ന കാലഘട്ടമായിരുന്നു. ഈ പ്രത്യേക ചുറ്റുപാടിലാണ് ജ്ഞാന മോഹികളായവരുടെ സാക്ഷാത്കാരം കൂടിയാണ് സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഹയർ സെക്കൻഡറി ഹൈസ്കൂൾ.

സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സെക്കൻഡറി ഹൈസ്കൂൾ (എയ്ഡഡ്) ഒരു ഡിവിഷനിൽ തുടങ്ങി 12 ഡിവിഷനിൽ എത്തിയിരിക്കുന്നു 2018 മുതൽ ഈ വിദ്യാലയത്തിന്റെ പ്രധാന അധ്യാപികയായി ശ്രീമതി മിനി ജോസഫ് പ്രവർത്തിച്ചുവരുന്നു. 25 അധ്യാപകരും നാല് അനധ്യാപകരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. 12 ഡിവിഷനുകളിലായി 425 വിദ്യാർഥികൾ ഇവിടെ പഠിക്കുന്നുണ്ട്. സൗകര്യപ്രദമായ കെട്ടിടസമുച്ചയവും വിസ്തൃതമായ ഗ്രൗണ്ടും ഈ വിദ്യാലയത്തിൽ ഉണ്ട് . തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കൻഡറി സ്കൂൾ ആയ ഈ സ്കൂളിൽ 1997 മുതൽ ഗൈഡ്സും 2012 മുതൽ SPC യും ,ലിറ്റിൽ കൈറ്റ്സും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മാനേജർ,പിടിഎ,അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ സി. എച്ച്. എം. ഹയർസെക്കൻഡറി സ്കൂൾ അതിവേഗം പുരോഗതിയിലേക്ക് മുന്നേറുകയാണ് .

# അക്കാദമിക് മാസ്റ്റർ പ്ലാൻ- മലയാളം

## സി.എച്ച്.എം. ഹൈസ്കൂൾ, കാവുംപടി

### ആമുഖം

കേരളത്തിന്റെ തനതു സംസ്കാരത്തെ വളർന്നു വരുന്ന തലമുറയ്ക്ക് കൈമാറേണ്ടതുണ്ട്. അതിനുള്ള ഏകവഴി കുട്ടികളിൽ മാതൃഭാഷാ പ്രാധാന്യം ഉറപ്പിക്കുക എന്നുള്ളതാണ്. കാവുമ്പടി സി.എച്ച്.എം. ഹൈസ്കൂളിൽ വിദ്യാഭ്യാസത്തിനായി എത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാതൃഭാഷയിൽ എഴുതുന്നതിനും വായിക്കുന്നതിനും ആശയവിനിമയം സാധ്യമാക്കുന്നതിനും ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് പരമാവധി കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരുമായി മാറ്റിയെടുക്കുന്നതിനുമുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതി ഇവിടെ സമർപ്പിക്കുന്നു.

### ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും എഴുത്തും വായനയും ഉറപ്പുവരുത്തൽ.
2. ക്ലാസ്സ് ലൈബ്രറി നവീകരണം
3. ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
4. ക്ലാസ്സ് മാഗസിൻ, സ്കൂൾ മാഗസിൻ, ചുമർ പത്രം തുടങ്ങിയവ തയ്യാറാക്കൽ
5. ഭാഷാപഠനവുമായി ബന്ധപ്പെട്ട ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

A. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

1. മലയാളത്തിളക്കം, ശ്രദ്ധ പദ്ധതി, നവപ്രഭ തുടങ്ങിയവ ഫലപ്രദമായി പ്രയോജനപ്പെടുത്തി പിന്നോക്കക്കാരെ കണ്ടെത്തി ഊന്നൽ നൽകുക.
2. അക്ഷരം ഉറപ്പിക്കൽ- ചിത്രങ്ങളിലൂടെയും കളികളിലൂടേയും അക്ഷരങ്ങൾ ഉറപ്പാക്കുക.
3. അടയാളങ്ങൾ ഉറപ്പിക്കൽ - ഉറക്കെപ്പറഞ്ഞും എഴുതിയും വായിച്ചും ചിഹ്നങ്ങൾ ഉറപ്പിക്കുക.
4. വാക്കുകളും വാക്യങ്ങളും രചിക്കുക- അക്ഷര കാർഡ് ആശയരൂപം എന്നിവയിലൂടെ വാക്കുകളും വാക്യങ്ങളും രചിക്കുന്നതിനും പറയുന്നതിനും കഴിവ് നേടുക.
5. ചിത്രവായന - ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് എഴുതിക്കുക, ആശയം പറയിപ്പിക്കുക.
6. കഥ നിർമ്മാണം- കഥയുടെ അൽപ്പഭാഗം നൽകി ബാക്കി പറയിപ്പിക്കുക, എഴുതിക്കുക.
7. കഥ വായന- കുറിപ്പ് എഴുത്ത്- മിനിക്കഥകൾ നൽകി വായിക്കുകയും അവയെക്കുറിച്ച് ലഘുക്കുറിപ്പുകൾ എഴുതിക്കുകയും ചെയ്യുക.
8. ഭിന്നശേഷിക്കാരെ പരിഗണിക്കുക- അവർക്കായി ലളിത പ്രവർത്തനങ്ങൾ നടത്തുക. പൊതുപ്രവർത്തനങ്ങളിൽ അവർക്ക് ഊന്നൽ നൽകുക. കൂടുതൽ സമയം കണ്ടെത്തി ആശയവിനിമയം സാധ്യമാക്കുക. IED അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുക.

### കുട്ടിയെ മികച്ച വായനക്കാരാക്കുക

1. സ്കൂൾ ലൈബ്രറി നവീകരണം- കുട്ടികളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും അഭ്യുദയകാംക്ഷികളുടേയും സഹകരണത്തോടെ ലൈബ്രറി നവീകരിക്കുക. കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുകയും പുസ്തക വിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.
2. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും ലളിതവായനയ്ക്ക് സഹായിക്കുന്ന തരത്തിലുള്ളതുമായ പുസ്തകങ്ങൾ കൊണ്ട് ക്ലാസ്സ് ലൈബ്രറിയും വായനമൂലയും സജ്ജമാക്കുക.
3. വായനക്കൂട്ടം - ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും അഞ്ചോ ആറോ ഗ്രൂപ്പുകളായി തിരിച്ച് പുസ്തകങ്ങൾ വായിക്കുകയും വായിച്ച പുസ്തകങ്ങളെ കുറിച്ച് ചർച്ച നടത്തുകയും ചെയ്യുക
4. സമീപ ഗ്രന്ഥശാല അംഗത്വം- വായനയിൽ അധിക താൽപ്പര്യമുള്ള കുട്ടികൾക്ക് ക്ലാസ്സ് അധ്യാ

പികയുടെ സഹായത്തോടെ തിരുവണ്ണൂർ പബ്ലിക് ലൈബ്രറിയിൽ അംഗത്വമെടുക്കാനും പുസ്തകമെടുത്ത് ഗൗരവമുള്ള വായനയിലിടപെടാനും സഹായിക്കുക.

5. വായനോത്സവം സംഘടിപ്പിക്കൽ - കുട്ടികളുടെ യോഗങ്ങൾ സംഘടിപ്പിച്ച് വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതി അവതരിപ്പിക്കുക. കുട്ടികൾ സ്വയം പുസ്തകങ്ങളായി അനുഭവങ്ങൾ പങ്കുവെയ്ക്കുക. വായിച്ച കൃതികളിലെ ആശയങ്ങൾ രംഗാവിഷ്ക്കാരം നടത്തുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. പത്രങ്ങളുടേയും ആനുകാലികങ്ങളുടേയും വായന, ക്ലാസ്സിൽ പത്രം ലഭ്യമാക്കുക, പത്രത്തിലെ പ്രധാന വാർത്തകൾ ഉറക്കെ വായിക്കുക, അവയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക, മാസികകളും ആഴ്ചപ്പതിപ്പുകളും (പഴയതും പുതിയതും) വായനമൂലയിൽ ലഭ്യമാക്കുക.
7. പതിപ്പ് നിർമ്മാണം- വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, വായനാനുഭവങ്ങൾ എന്നിവ പതിപ്പുകളാക്കി ക്ലാസ്സിൽ പ്രകാശനം ചെയ്യുക.
8. ഇ- വായന സാധ്യമാക്കുക. ഇന്റർനെറ്റിന്റെ സഹായത്തോടെ വിവിധസൈറ്റുകളിൽ നിന്നും വിക്കിപീഡിയപോലുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും പാഠാനുബന്ധ വിവരങ്ങൾ കണ്ടെത്തി വായിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

## കുട്ടികളെ മികച്ച എഴുത്തുകാരാക്കി മാറ്റുന്നതിന്

1. ക്ലാസ്സ് തല, സ്കൂൾ തല എഴുത്തുകൂട്ടം രൂപീകരിക്കുക. കവിത, കഥ, ലേഖനം തുടങ്ങി അഭിരുചിക്കനുസരിച്ച് കുട്ടികളെ കൂട്ടങ്ങളാക്കുക.
2. എഴുതുന്നവയിലെ മികച്ചവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുക
3. സർഗ്ഗവേളകൾ, രചനാ ശിൽപ്പശാലകൾ എന്നിവ പി.ടി.എ, പൂർവ്വ വിദ്യാർത്ഥിസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുക.
4. പതിപ്പുകൾ, കുട്ടികളുടെ മികച്ച രചനകൾ ഉൾപ്പെടുത്തി ക്ലാസ്സ് തല, സ്കൂൾ തല പതിപ്പുകൾ പ്രസിദ്ധീകരിക്കുക.
5. ഗദ്യരചന, വാക്യശുദ്ധി, ഘടന, ചിഹ്നങ്ങൾ ഇവ പാലിച്ച് ഗദ്യരചനയിൽ ഏർപ്പെടുന്നതിന് പരിജ്ഞാനം നൽകുക.
6. ഗദ്യരചന ശിൽപ്പശാല- വാക്യബന്ധപദങ്ങളുടെ സഹായത്തോടെ ഖണ്ഡികകളും ആശയബന്ധഘടന പാലിച്ച് ഉപന്യാസങ്ങളും മറ്റും രചിക്കുന്നതിനാവശ്യമായ ശിൽപ്പശാലകൾ സംഘടിപ്പിക്കുക.
7. രചനാമത്സരങ്ങൾ- കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കാൻ വിവിധരചനാമത്സരങ്ങൾ സംഘടിപ്പിക്കുക. വിലയിരുത്തി പതിപ്പാക്കുക.

## മറ്റ് പ്രവർത്തനങ്ങൾ

1. പൊതുവേദിയിലെ പ്രവർത്തനങ്ങൾ : - കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ ക്ലാസ്സ്, അസംബ്ലി, പി.ടി.എ പൊതുയോഗങ്ങൾ എന്നിവയിൽ രചനകൾ അവതരിപ്പിക്കാനും പൊതുവിഷയത്തിൽ സംസാരിക്കാനും അവസരം നൽകുക.
2. ദിനാചരണങ്ങൾ : - വാർഷിക ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് മഹാന്മാർ, സാഹിത്യകാരന്മാർ എന്നിവരെ പരിചയപ്പെടുത്തുന്ന പ്രസംഗം, ലേഖനം എന്നിവ അവതരിപ്പിക്കുക.
3. ചിത്രഗാലറി : - ലൈബ്രറി, വായനാമുറി എന്നിവയോട് ചേർന്ന് മഹാന്മാരുടേയും എഴുത്തുകാരുടേയും ചിത്രങ്ങൾ അവരെക്കുറിച്ച്..............

## അക്കാദമിക് മാസ്റ്റർ പ്ലാൻ- പ്രവർത്തനങ്ങൾ

### പ്രവർത്തനം 1

**പേര് : അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ**

**ഉപമേഖല - മാതൃഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, അക്ഷരം, ചിഹ്നം, വാക്ക്, വാക്യം ഉറപ്പിക്കൽ | കുട്ടികൾ കളികൾ, അക്ഷരകാർഡ് എന്നിവയിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. അടിക്കുറിപ്പ്, കഥാകഥനം എന്നിവ നടത്തുന്നു | 2 മാസം | ഭാഷാധ്യാപകർ, ക്ലാസ്സ് ടീച്ചർ | 2000 (നാട്ടിൽ നിന്ന് കണ്ടെത്തൽ) |

**പ്രവർത്തനം 2**

**പേര് : ലൈബ്രറി ശാക്തീകരണം**

**ഉപമേഖല - ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | പുസ്തക സമാഹരണം ലൈബ്രറി അംഗത്വം | 6 മാസം | പി.ടി.എ, ലൈബ്രേറിയൻ, ഭാഷാധ്യാപകർ | 5000 (നാട്ടിൽ നിന്ന് കണ്ടെത്തൽ) |

**പ്രവർത്തനം 3**

**പേര് : ക്ലാസ്സ് ലൈബ്രറി നിർമ്മാണം**

**ലക്ഷ്യം : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തക വായനയും, ഗ്രൂപ്പ് ചർച്ചയും | അധ്യയന വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, പി.ടി.എ. ഭാഷാധ്യാപകർ | 3000 (അഭ്യുദയകാംക്ഷികളിൽ നിന്ന്) |

**പ്രവർത്തനം 4**

**പ്രവർത്തനത്തിന്റെ പേര് : വായനോത്സവം**

**ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ കൃതികൾ, രചയിതാക്കൾ ഇവരെ പരിചയപ്പെടുക, പരിചയപ്പെടുത്തുക | കുട്ടികളുടെ യോഗങ്ങൾ സംഘടിപ്പിച്ച് വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ എഴുതി അവതരിപ്പിക്കുന്നു. കുട്ടികൾ സ്വയം പുസ്തകങ്ങളായി അനുഭവം പങ്ക് വെയ്ക്കുക, കൃതികളിലെ ആശയങ്ങൾ രംഗാവിഷ്ക്കാരം നടത്തുക. | മാസത്തിൽ ഒന്ന് | പി.ടി.എ, സ്റ്റാഫ് | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : എഴുത്തുകൂട്ടം രൂപീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളിലെ ആശയാവിഷ്കാര നൈപുണി നേടുന്നതിന് | ക്ലാസ്സ് തല എഴുത്തുകൂട്ടം രൂപീകരിച്ച് കഥ, കവിത, ലേഖനം തുടങ്ങിയവ അഭിരുചിക്കനുസരിച്ച് എഴുതുന്നതിനും മികച്ചവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ, ഭാഷാധ്യാപകർ | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : രചനാശിൽപ്പശാലകൾ

ഉപമേഖല : മാതൃഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ, വായനസാമഗ്രികളുടെ നിർമ്മാണം. | കവിയരങ്ങ്, കഥയരങ്ങ്, രചനാശിൽപ്പശാല എന്നിവ സംഘടിപ്പിക്കുന്നു. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കുന്നു. ക്ലാസ്സിലെ പഠന സാമഗ്രിയായി ഉപയോഗിക്കുന്നു. | രണ്ട് മാസത്തിൽ 1 പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | 5000 ഉദാരമനസ്കരിൽ നിന്ന് കണ്ടെത്തുന്നു. |

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : ഗദ്യരചനാശിൽപ്പശാല

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗദ്യരചനയുടെ ഉയർന്നതലം പരിചയപ്പെടൽ | വാക്യ ബന്ധപദങ്ങളുടെ സഹായത്തോടെ ഖണ്ഡികകളും ആശയ ബന്ധ ഘടന പാലിച്ച് ഉപന്യാസങ്ങൾ, ലേഖനങ്ങൾ എന്നിവ രചിക്കുന്നതിനുള്ള പരിശീലനം നൽകാൻ ശിൽപ്പശാല, എഴുത്തിലേർപ്പെടൽ, പതിപ്പ് നിർമ്മാണം, അവ പഠന സാമഗ്രിയായി ഉപയോഗിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | വിദ്യാരംഗം കലാ സാഹിത്യവേദി, ഭാഷാ വിഷയങ്ങളുടെ എസ്.ആർ.ജി | 3000 (അഭ്യുദയകാംക്ഷികളിൽ നിന്ന്) |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് : പ്രസംഗപരിശീലനം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ ഭയം, സഭാ കമ്പം എന്നിവ മാറ്റിയെടുത്ത് ആവിഷ്ക്കാര ശേഷി നേടാൻ | ദിനാചരണങ്ങളുടേയും മറ്റും ഭാഗമായി സ്കൂളിൽ നടക്കുന്ന പൊതുയോഗങ്ങളിൽ കുട്ടികൾക്ക് പ്രസംഗിക്കാൻ അവസരം നൽകുന്നു. ക്ലാസ്സ് പി.ടി.എ, സ്കൂൾ അസംബ്ലി, പി.ടി.എ പൊതുയോഗം എന്നിവിടങ്ങളിലും കുട്ടികളെ ഒരുക്കി പ്രസംഗിക്കുന്നതിനും പ്രബന്ധാവതരണത്തിനും അവസരമൊരുക്കുന്നു. | അക്കാദമിക് വർഷം മുഴുവനും സ്കൂളിൽ നടക്കുന്ന എല്ലാ യോഗങ്ങളിലും | എസ്.ആർ.ജി പി.ടി.എ | |

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : ചിത്രകലാനിർമ്മാണം

ഉപമേഖല : ഭാഷാസാഹിത്യം പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മഹാന്മാരേയും സാഹിത്യകാരന്മാരേയും അവരുടെ ജീവിതരേഖയും പരിചയപ്പെടുത്തുക | സ്കൂൾ ലൈബ്രറി, വായനമൂല എന്നിവയോട് ചേർന്ന് മഹാന്മാരുടേയും സാഹിത്യകാരന്മാരുടേയും ചിത്രങ്ങളും വിവരണങ്ങളും പതിപ്പിക്കുക | വിദ്യാഭ്യാസ വർഷം മുഴുവൻ | ലൈബ്രേറിയൻ, ഭാഷാധ്യാപകർ 2000 (നാട്ടിൽ നിന്ന് കണ്ടെത്തും) | |

# Academic Master Plan -English

## ആമുഖം

ശാസ്ത്ര സാങ്കേതിക വിദ്യാരംഗത്തും വിവര സാങ്കേതിക വിദ്യാരംഗത്തും അവിശ്വസനീയമാംവിധം കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഈ അത്യാധുനിക യുഗത്തിൽ.കാലഘട്ടത്തിനനുസരിച്ച് യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസരംഗം അടിമുടി പരിഷ്കരിക്കാൻ ഭരണകർത്താക്കളും വിദ്യാഭ്യാസ വിചക്ഷണൻമാരും കൈകോർക്കുന്ന ഈ വേളയിൽ അധ്യാപക സമൂഹവും വിദ്യാർത്ഥികളും രക്ഷിതാക്കളും അവരുടേതായ സംഭാവനകൾ നൽകി ഈ ഉദ്യമത്തിന്റെ ഭാഗമാകേണ്ടത് നാം ഏവരുടെയും സാമൂഹ്യമായ ഉത്തരവാദിത്വം ആണെന്ന് ഉണർത്തി കൊള്ളട്ടെ. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഇംഗ്ലീഷ് ഭാഷ അധ്യാപകരായ നമ്മളും ഈ മഹത്തായ കർമ്മത്തിൽ നമ്മുടേതായ സംഭാവനകൾ നൽകി മേൽ സൂചിപ്പിച്ച കർമ്മത്തിന്റെ ഭാഗമാകാൻ മാനസികമായി സജ്ജമായിരിക്കണം.

ആശയവിനിമയ മാധ്യമം എന്ന നിലയിൽ സർവ്വഭാഷകൾക്കും അത്യന്തം പ്രാധാന്യമുണ്ടെന്ന കാര്യത്തിൽ ആർക്കും മറിച്ച് ഒരു അഭിപ്രായം ഉണ്ടാവില്ല.കാരണം ലോകത്ത് പല സംസ്കാരങ്ങളുടെയും കാതൽ ഭാഷയാണ് എന്നുള്ള കാര്യം പകൽ പോലെ സത്യമാണ്.ഈ കാര്യത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പങ്ക് ഒട്ടും കുറവല്ല എന്ന കാര്യം ചരിത്രം പരിശോധിക്കുന്നവർക്ക് പകൽപോലെ മനസ്സിലാകും. ഈ അത്യാധുനിക യുഗത്തിൽ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം ഏറി വരുന്നതല്ലാതെ അതിന്റെ സ്വാധീനത്തിൽ ഒരു ഇടിവും സംഭവിച്ചിട്ടില്ല.ഒരു അന്തർദേശീയ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന്റെ സ്വാധീനം അവിശ്വസനീയമാം വിധം സമൂഹത്തിൽ വേരോടിക്കൊണ്ടിരിക്കുകയാണ്.ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടിയ ഒരാൾക്ക് ജീവിതത്തിൽ പരാജയം നേരിടേണ്ടി വരില്ല എന്ന് പോലും ചിന്തിക്കുന്നവരെ സമൂഹത്തിൽ കണ്ടുവരുന്നു.ഈ ഭാഷയിലെ പ്രാവീണ്യം നേടിയ ഒരാൾക്ക് ലോകത്തെവിടെയും സ്വൈര്യ വിഹാരം നടത്താൻ ധൈര്യവും ആത്മവിശ്വാസവും വർദ്ധിക്കുന്നു.ലോകഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് മറ്റേതൊരു ഭാഷയേക്കാളും ആധിപത്യം നിലനിർത്തിപ്പോരുന്നു.ഒരു അന്തർദേശിയ ഭാഷ എന്നതിലുപരി വ്യാപാര വാണിജ്യ വിദ്യാഭ്യാസ ഭാഷ എന്ന നിലയിലും ഈ ഭാഷ ഏറെ പ്രസിദ്ധമാണ്.ഇന്റർനെറ്റ് ഫേസ്ബുക്ക് പോലുള്ള സമൂഹമാധ്യമങ്ങളും ഈ ഭാഷ കൈയ്യടക്കിയിരിക്കുകയാണ്.അവ സരങ്ങളുടെയും തൊഴിലിന്റെയും ഭാഷയായി ഇതിനെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.ഇന്ന് കേരള സമൂഹത്തെയും ഈ ഭാഷ അതിൻറെ വറുതിയിലാക്കിയിരിക്കുകയാണ്.ഇംഗ്ലീഷ് ഭാഷയോട് കേരള സമൂഹം കാണിക്കുന്ന അമിതമായ ആവേശം ഈ ഭാഷ ഒന്നാം തരം മുതൽ പാഠ്യ വിഷയമാക്കാൻ അധികാരികളെ നിർബന്ധിച്ചു.പക്ഷേ ഈ അടുത്തകാലത്തായി.അധികാരികളുടെയും ഭാഷാ പണ്ഡിതന്മാരുടെയും സംയോജിതമായ ഇടപെടൽ കാരണം ഈ ഭാഷ വശപ്പെടുത്താനുള്ള ആത്മധൈര്യവും താല്പര്യവും അവശ്വസനീയമാംവിധം വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും.ഇങ്ങനെയൊക്കെ ആണെങ്കിലും ദൈനംദിന ജീവിതത്തിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗവും അതിനുള്ള പ്രാവിണ്യവും താരതമ്യേന കുറവാണെന്ന യാഥാർത്ഥ്യം ഏറെ പ്രയാസപ്പെടുത്തുന്നതാണ് ഒരു കുട്ടി അതത് ക്ലാസുകളിൽ വച്ച് നേടേണ്ട അറിവുകൾ നേടിയിട്ടുണ്ടോ എന്ന് അധ്യാപകരും രക്ഷിതാക്കളും ഉറപ്പുവരുത്തണം.എങ്കിൽ മാത്രമേ ഈ സമൂഹത്തെ വാർത്തെടുക്കാൻ കഴിയും ഇതിനായി നമുക്കേവർക്കും ഒരുമിക്കാം.

## Acadamic issues

### പഠന പ്രശ്നങ്ങൾ

1. പാഠ്യപദ്ധതി പ്രകാരം നേടേണ്ട അറിവുകൾ പഠിതാക്കൾ നേടീട്ടില്ല
2. ഇംഗ്ലീഷ് ഭാഷയിൽ വായന വൈദഗ്ധ്യം നേടാനാവശ്യമായ സാഹചര്യത്തിന്റെ അപാകത
3. നിത്യജീവിതത്തിലെ ആശയവിനിമയത്തിന് ഇംഗ്ലീഷ് ഭാഷ ഉപയോഗത്തിനുള്ള പ്രോത്സാഹന ക്കുറവ്.
4. ഈ ഭാഷയുടെ അന്തർദേശീയ നിലവാരം നിലനിർത്താനാവശ്യമായ ക്ലാസ്സ് പ്രവർത്തനങ്ങൾ നടക്കുന്നില്ല
5. ഇംഗ്ലീഷ് വാക്കുകൾ അവയുടെ തനതായ രീതിയിൽ ഉച്ചരിച്ച് ശീലിക്കാനാവശ്യമായ പരിശീലനം നൽകുന്നില്ല
6. ഈ ഭാഷയിലെ പല വാക്കുകളുടേയും അക്ഷരങ്ങളും ഉച്ചാരണവും തമ്മിൽ പൊരുത്തമില്ലാത്തത്, തുടക്കക്കാരിൽ ഏറെ പ്രശ്നമുണ്ടാക്കുന്നു.

## Infrastructure

ഇംഗ്ലീഷ് ഭാഷാ ക്ലബ്ബിന്റെ അസാന്നിദ്ധ്യം

## Social issues

ഇംഗ്ലീഷ് ഭാഷാപരമായ പരിപാടികളിൽ സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ്

## Problem Analysis

മേഖല - വിദ്യാഭ്യാസ പരം

പ്രശ്നം : പാഠ്യപദ്ധതി പ്രകാരം ഓരോ ഘട്ടത്തിലും നേടിയിരിക്കേണ്ട അറിവുകൾ പഠിതാക്കൾ നേടിയിട്ടില്ല.

## Problem Analysis

**മേഖല - വിദ്യാഭ്യാസ പരം**

**പ്രശ്നം : പാഠ്യപദ്ധതി അനുസരിച്ചുള്ള ലക്ഷ്യം നേടിയിട്ടില്ല.**

| കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | പ്രവർത്തനം |
|---|---|---|
| **പഠിതാവ്**<br>1. താൽപ്പര്യക്കുറവ്<br>2. ഭാഷ ഉപയോഗിക്കാനുള്ള സാധ്യത/ സാഹചര്യത്തിന്റെ പരിമിതി<br>**അധ്യാപകൻ**<br>1. ക്ലാസ്സ് റൂമിൽ ക്രിയാത്മക പ്രവർത്തനങ്ങൾ നടത്താനുള്ള സമയക്കുറവ്<br>2. പഠിതാക്കളുടെ ഗ്രാഹ്യശേഷി അനുസരിച്ച് കൈകാര്യം ചെയ്യാനുള്ള സമയക്കുറവും പരിമിതമായ സാഹചര്യവും<br>3. പാഠബാഹുല്യം കാരണം അധ്യാപകർ പാഠങ്ങൾ സമയബന്ധിതമായി തീർക്കാൻ നിർബന്ധിതരാകുന്നു.<br>**പാഠ്യരീതി**<br>1. പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ലക്ഷ്യങ്ങളിൽ ഊന്നിയുള്ള പാഠ്യസമ്പ്രദായം.<br>**രക്ഷിതാക്കൾ**<br>1. വീടുകളിൽ ആരോഗ്യകരമായ പഠനാന്തരീക്ഷത്തിന്റെ കുറവ്<br>2. ഇംഗ്ലീഷിന്റെ പ്രാധാന്യത്തെ കുറിച്ച് രക്ഷിതാക്കൾ വേണ്ട രീതിയിൽ മനസ്സിലാക്കിയിട്ടില്ല | 1. പഠിതാക്കളുടെ നിലവാരം മനസ്സിലാക്കാൻ Pre Test ഉം Post Test ഉം നടത്തുക.<br>2. പഠിതാക്കളുടെ ഭാഷയിൽ വേണ്ട അടിസ്ഥാന കഴിവുകൾ വികസിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>3. ഓരോ വിദ്യാർത്ഥിയുടേയും ഗ്രാഹ്യശേഷി തിരിച്ചറിഞ്ഞുകൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ക്ലാസ്സ് റൂമിൽ നടപ്പിലാക്കുക. | 1. Pre Test and Post Test<br>2. പ്രത്യേക മൊഡ്യൂൾ തയ്യാർ ചെയ്ത് പഠനം മെച്ചപ്പെടുത്താൻ ശ്രമിക്കുക<br>3. ബ്രിഡ്ജ് കോഴ്സ് നടത്തുക<br>4. തികച്ചും ആധുനിക രീതിയിലുള്ള ഭാഷാലാബ് ഒരുക്കുകയും അതുവഴി പഠിതാക്കളുടെ ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്തുക.<br>5. കുട്ടികളുടെ നിലവാരമനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ ക്ലാസ്സ് റൂമിൽ നടപ്പിലാക്കുക |

പ്രശ്നം 2

ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തോടുള്ള വിമുഖത കാരണം ഈഭാഷയിലുള്ള കഴിവ് പരിപോഷിപ്പിക്കാനാവശ്യമായ വായന, ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | പ്രവർത്തനം |
|---|---|---|
| **പഠിതാവ്**<br>1. വായനയെ ഒരു ക്ലാസ്സ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി മാത്രം കാണുന്നു.<br>2. ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തോടുള്ള വിമുഖത കാരണം ഈ ഭാഷയിലുള്ള കൃതികൾ വായിക്കാൻ തയ്യാറാവുന്നില്ല.<br>3. പാഠ്യപദ്ധതിക്ക് പുറത്തുനിന്നും വരുന്ന ഖണ്ഡിക വായിച്ച് മനസ്സിലാക്കാനുള്ള കഴിവില്ലായ്മ<br>**അധ്യാപകൻ**<br>1. പാഠ്യപദ്ധതി പ്രകാരമുള്ള പാഠഭാഗങ്ങൾ സമയബന്ധിതമായി പഠിപ്പിച്ചു തീർക്കാൻ നിർബന്ധിതരാവുന്നു.<br>2. ഈ ഭാഷയിലുള്ള അധിക വായന പ്രോത്സാഹിപ്പിക്കാനുള്ള മാർഗ്ഗങ്ങളുടെ അപര്യാപ്തത.<br>3. സമയത്തിന്റെ അപര്യാപ്തത<br>**പാഠ്യരീതി/ പാഠ്യ സമ്പ്രദായം**<br>1. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള പാഠ്യരീതി.<br>2. പലപ്പോഴും വിദ്യാർത്ഥി കേന്ദ്രീകൃത പഠനരീതിക്ക് പകരം അധ്യാപകകേന്ദ്രീകൃതമായി മാറുന്നു.<br>**രക്ഷിതാവ്**<br>1. വായനാസാമർത്ഥ്യം വികസിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളെ പറ്റി അറിവില്ലായ്മ<br>2. പഠനപ്രവർത്തനം ക്ലാസ്സ് റൂമിൽ മാത്രം നടക്കേണ്ടതാണെന്നുള്ള മിഥ്യാധാരണം. | 1. ഇംഗ്ലീഷ് സാഹിത്യങ്ങൾ വായിക്കാനും , ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>2. വിവരസാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തുക<br>3. ഇംഗ്ലീഷ് ഫിലിമുകളും കാർട്ടൂണുകളും കാണുന്നത് പ്രോത്സാഹിപ്പിക്കുക<br>4. ഇംഗ്ലീഷ് വാർത്താ ചാനലുകൾ കാണുന്നത് പ്രോത്സാഹിപ്പിക്കുക. | 1. വിവിധ കാലഘട്ടങ്ങളിൽ എഴുതപ്പെട്ട ഇംഗ്ലീഷ് സാഹിത്യകൃതികളുടെ പ്രദർശനം നടത്തുക.<br>2. ഇംഗ്ലീഷ് വായന, രചനാമത്സരങ്ങൾ നടത്തി ഈ ഭാഷയോടുള്ള ഭയവും വിമുഖതയും ഇല്ലാതാക്കുക.<br>3. ആഴ്ചതോറും വായനാമത്സരം നടത്തുക.<br>4. ഇംഗ്ലീഷ് സാഹിത്യത്തിലെ പുതിയ സൃഷ്ടികൾ , നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.<br>5. ആധുനിക ലൈബ്രറി സംവിധാനം ഒരുക്കുക. |

പ്രശ്നം- 3 :

ഇംഗ്ലീഷ് ഭാഷയിലൂള്ള ആശയവിനിമയം പരിപോഷിപ്പിക്കാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ വിമുഖത

| കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | പ്രവർത്തനം |
|---|---|---|
| **പഠിതാവ്**<br>1. ക്ലാസ്സ് പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിക്കൂടുക.<br>2. നിത്യ ജീവിതത്തിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാനുള്ള ആത്മ വിശ്വാസക്കുറവ്<br>3. ഇംഗ്ലീഷിനെ ഒരു പാഠ്യവിഷയം മാത്രമായിക്കണ്ട് അവഗണിക്കുക<br>4. ഏതെങ്കിലും ഒരു കുട്ടി ഇംഗ്ലീഷ് സംസാരിക്കാൻ തയ്യാറാകുമ്പോൾ അവനെ/ അവളെ നിരുത്സാഹപ്പെടുത്തുക.<br>**അധ്യാപകൻ**<br>1. പാഠഭാഗങ്ങൾ തീർക്കാനുള്ള തിടുക്കം<br>2. ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാനുള്ള യഥാർത്ഥ സാഹചര്യങ്ങൾ പാഠഭാഗങ്ങളിൽ വേണ്ടവിധം ഉൾപ്പെടുത്തുന്നില്ല.<br>**സമ്പ്രദായം**<br>1. ഭാഷയിലുള്ള കുട്ടികളുടെ നിലവാരം അളക്കാൻ പര്യാപ്തമായ സമഗ്ര മൂല്യനിർണ്ണയ രീതിയുടെ അപര്യാപ്തത.<br>2. പര്യാപ്തമായ നിത്യ ജീവിത സാഹചര്യങ്ങൾ പാഠ്യപദ്ധതിയിൽ വേണ്ടവിധം ഉൾപ്പെടുത്തിയിട്ടില്ല.<br>**രക്ഷിതാവ്**<br>ഈ ഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് വേണ്ടവിധം ബോധവാന്മാരല്ല. | 1. ക്ലാസ്സ് റൂമിന് പുറത്ത് ഇംഗ്ലീഷ് ഭാഷ ആശയവിനിമയത്തിനായി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള, നിത്യജീവിതപ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. | 1. ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് ഭാഷാദിനം കൊണ്ടാടുക.<br>2. മാസത്തിൽ ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും ഇംഗ്ലീഷ് അസംബ്ലി വിളിച്ചു ചേർക്കുക.<br>3. കുട്ടികളെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ നിർബന്ധിതരാവുന്ന തരത്തിലുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക.<br>4. ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ളവരുമായി ആശയവിനിമയം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കുക.<br>5. സ്കൂൾ പാർലിമെന്റ് സംഘടിപ്പിക്കുക.<br>6. Mock Interview നടത്തുക. |

പ്രശ്നം 4 :

ഇംഗ്ലീഷ് ഭാഷാ പ്രാധാന്യം ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ വേണ്ട വിധം കുട്ടികളിലെത്തിക്കാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | പ്രവർത്തനം |
|---|---|---|
| **പഠിതാവ്**<br>1. ഭാഷയെ പ്രോത്സാഹിപ്പിക്കാനുതകുന്ന രീതിയിലുള്ള ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നില്ല<br>**അധ്യാപകൻ**<br>1. ഉചിതമായ ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്താനാവശ്യമായ സമയലഭ്യതയുടെ കുറവ്<br>**സമ്പ്രദായം**<br>1. ഈ ഭാഷ ഒരു പാഠ്യവിഷയമായി മാത്രം കണ്ടുകൊണ്ടുള്ള പാഠ്യരീതി<br>**രക്ഷിതാവ്**<br>1. സ്കൂളിൽ നടത്തുന്ന ക്ലബ്ബ് പ്രവർത്തനങ്ങളെ കുറിച്ച് ബോധവാന്മാരല്ല. | 1. ഭാഷയുടെ അനന്തമായ സാധ്യതയും അതിന്റെ അന്തർദേശീയ നിലവാരവും ബോധ്യപ്പെടുത്തുന്ന രീതിയിൽ പ്രദർശിപ്പിക്കുക. | 1. ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുക.<br>2. പ്രശസ്ത വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള സാഹചര്യം ഒരുക്കുക.<br>3. ഇംഗ്ലീഷ് ഫോറവും തിയേറ്ററും സംവിധാനിക്കുക<br>4. E ലൈബ്രറി ഒരുക്കുക |

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വരുന്ന സാമ്പത്തിക ചെലവ് സ്കൂൾ മാനേജ്മെന്റിൽ നിന്നും, രക്ഷകർത്താക്കളിൽ നിന്നും, പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും, കൂടാതെ ഗവൺമെന്റ് അനുവദിച്ചുതരാൻ സാധ്യതയുള്ള ഫണ്ടും ഉപയോഗപ്പെടുത്തി ചെയ്യാനാണ് തീരുമാനം.

# C.H.M.H.S.S .KAVUMPADY

# HINDI MASTER PLAN

1. ഹിന്ദി വായന:-

ലക്ഷ്യം:-

ഹൈസ്കൂൾ തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ:-

- **ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ**:- കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി ക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. വലിയ അക്ഷരങ്ങളോട് കൂടിയതും, വർണ്ണ ചിത്രങ്ങൾ നിറ ഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ, ചിത്രകഥകൾ, ബാല മാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയ പ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും ഗ്രന്ഥശാലയിൽ ലഭ്യമാക്കും.
- **വായനകാർഡുകൾ തയ്യാറാക്കൽ**:- ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതനായി വായനാ കാർഡുകൾ തയ്യാറാ ക്കും. ഇവയിൽ പച്ചക്കറികൾ, പഴങ്ങൾ, പക്ഷി മൃഗാദികൾ, വൃക്ഷ ങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും. രാഷ്ട്ര നേതാ ക്കൾ, ഹിന്ദി സാഹിത്യകാരൻമാർ എന്നവരുടെ പേരുകൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും.
  ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കും
  ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യകം തയ്യാറാക്കും.
  ബാലഗീതങ്ങൽ, കവിതാശകലങ്ങൾ, ലഘു പ്രസംഗങ്ങൾ എന്നിവ യുടെ അവതരണത്തോട് കൂടി ക്ലാസ് ആരംഭിക്കും

2. **ഹിന്ദി എഴുത്ത്:-**

**പ്രവർത്തനങ്ങൾ-**

- കോപ്പി ബുക്ക്- അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തക ങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും. ബാലഗീതങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപ്പി ബുക്ക് ഉപയോഗിക്കും.

* **പ്രദർശന സാമഗ്രികൾ**-ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും. A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിചേർത്ത് മാസികകൾ തയ്യാറാക്കും
* **വർക്ക് ബുക്ക്**- വർക്ക് ബുക്ക് ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാ നിപുണികളും, ഭാഷാവ്യവഹാരരൂപങ്ങളും അധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും.

3. **ഹിന്ദി ആസ്വാദനം:-**

**പ്രവർത്തനങ്ങൾ-** വിദ്യാർത്ഥികൾക്ക് അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും. അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിരിക്കുന്ന വേദിയൊരുക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കുംവിധം അവതരണ പരിപാടികൾ നടത്തും.

4. **ഹിന്ദി മത്സരങ്ങൾ:-**

**പ്രവർത്തനങ്ങൾ-** ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരം നടത്തും. കഥാപുരാണം, കവിതാരചന, പ്രസംഗം, കവിതാപാരായണം തുടങ്ങിയ മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും.

ചമകതീ ഹിന്ദി പ്രാത്സാഹന സമ്മാനം-ഓരോക്ലാസിലെയും നിലവാരത്തിനനുസരിച്ച് നിശ്ചയിക്കപ്പെട്ട കഴിവുകൾ ആർജ്ജിക്കുന്ന വിദ്യാർത്ഥികൾക്ക് ചമകതീ ഹിന്ദി എന്നപേരിൽ പ്രാത്സാഹന സമ്മാനം നൽകും.

5. **ദിനാചരണങ്ങൾ :-**

**പ്രവർത്തനങ്ങൾ-** ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശു ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പ് വരുത്തും.

6. **വായനക്കൂട്ടം:-** ആശയവിനിമയത്തിന് ഊന്നൽ കൊടുക്കുന്ന പദ്ധതി.

7. **ഹിന്ദി ക്ലബ്ബ് :-**

**പ്രവർത്തനങ്ങൾ-** വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. ക്ലാസ്സ് തലത്തിലും വിദ്യാലയ തലത്തിലും പ്രസി ഡണ്ട്, സെക്രട്ടറി, മൂന്ന് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമ തലക്കാർ ഉണ്ടാകും.

8. **വിവര സാങ്കേതിക വിദ്യ :-**

**പ്രവർത്തനങ്ങൾ-** ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രവ്യസാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതി നായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും.

9. **ഹിന്ദി ഫെസ്റ്റ് :-**

**പ്രവർത്തനങ്ങൾ-** ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. ഹിന്ദി ഭാഷയിലോ അധ്യാ പനത്തിലോ, സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉദ്ഘാ ടനം നടത്തും. കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഐറ്റങ്ങൾക്ക് പ്രാധാന്യം നൽകും.

10. **ഹിന്ദി അസംബ്ളി :-**

**പ്രവർത്തനങ്ങൾ-** ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ളി നടത്തും. ഓരോ ആഴ്ചയിലേയും അസംബ്ളി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താപാരായണം, ജന്മദിനാശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരി ക്കും. അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭി ക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ- അറബിക്

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതകം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക. അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സാരിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കുക. | പ്രത്യകം ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. അത്തരത്തിലുള്ള കുട്ടികൾക്ക് പ്രത്യകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അറബിക് ക്ലാസ്സുകളും ടെസ്റ്റുകളും സംഘടിപ്പിക്കുന്നു. 8-ാം ക്ലാസ്സിൽ മുന്നറിവ് പരിശോധനക്ക് ശേഷം അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും, വാചകങ്ങൾ നിർമ്മിക്കുന്നതിനുമുള്ള ഭാഷാകളികൾ നടത്തുന്നു. | 45 ദിവസം | പുസ്തകങ്ങൾ, കംപ്യൂട്ടർ ടാബ് മുതലായവ | പി. ടി. എ ബി. ആർ.സി |
| 2 | കുട്ടികളെ നല്ല വായനക്കാരാക്കുക. വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക. | എല്ലാ അറബിക് പിരീഡുകളിലും നിശ്ചിത എണ്ണം കുട്ടികൾ പാഠപുസ്തകം ഉച്ചത്തിൽ വായിക്കുക. വായിക്കുന്ന പുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുകയും അവയുടെ ആസ്വാദന കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക. മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുക. | ഒരു വർഷം | പത്രങ്ങൾ, അറബിക് മാഗസിനുകൾ, സ്കൂൾ ക്ലാസ്സ് ലൈബ്രറി | |

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി അറബിക് പുസ്തകങ്ങൾ ശേഖരിക്കുക എന്നിവ സംഘടിപ്പിക്കുക. | | | |
| 3 | അറബി ഭാഷയിലു ള്ള കഥകളും കവിത കളുംപാട്ടുകളും നാടകങ്ങളും കാണു കയും ആസ്വദിക്കു കയും ചെയ്യുന്നതിലൂടെ ഭാഷാ പഠനത്തി ലേക്ക് കുട്ടികളെ ആകർഷിക്കുക. | പാടാനും പറയാനും കഴിയുന്ന കുട്ടികളെ കണ്ടെത്തി മറ്റ് കുട്ടിക ളുടെ മുമ്പിൽ അവത രിപ്പിക്കുന്നു. രണ്ടാഴ്ച യിലൊരിക്കൽ സാഹിത്യ സമാജം ചേരുക. അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലീമുകളും ഗുണപാഠ കഥകൾ മുതലായവ കാണിച്ച് കൊടുക്കാം | 180 ദിവസം | സ്കൂൾ ഹാൾ, സ്മാർട്ട് ക്ലാസ്, കംപ്യൂട്ടർ | |
| 4 | അറബി ഭാഷ കേൾ ക്കാനും അനുഭവി ക്കാനുമുള്ള സാഹ ചര്യം ഉണ്ടാക്കൽ. | ഭാഷാ പഠനം സാധ്യമാ കുന്നത് അനുയോജ്യ മായ ഭാഷാന്തരീക്ഷം ഉണ്ടാകുമ്പോഴാണ്. അതിനായ് സ്മാർട്ട് ക്ലാസ്സ്, ലാംഗ്വേജ് ലാബ് എന്നീ സൗകര്യം ഉപയോഗപ്പെടുത്തുന്നു ഓരോരുത്തർക്കും തനതായ അറബി ഭാഷ കേൾക്കാനും, അനുഭവിക്കാനും ഉത കുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുന്നു. | മൂന്ന് വർഷം | കംപ്യൂട്ടർ ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ് | |

| | | | | | |
|---|---|---|---|---|---|
| 5 | അറബിക് സാഹിത്യോൽസവം സംഘടിപ്പിക്കൽ | സ്കൂൾ കലോൽസവത്തിന് മുന്നോടിയായി അറബിക് സാഹിത്യോൽസവം സംഘടിപ്പിക്കുന്നു. മത്സര ഇനങ്ങൾക്ക് പുറമേ മാഗസിൻ നിർമ്മാണം, വായനാ കുറിപ്പ് തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിക്കുന്നു. | 3 ദിവസം | സ്കൂൾ ഹാൾ സമ്മാനങ്ങൾ | |
| 6 | കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ. അറബി ഭാഷയുടെ തനതായ ലിപിയിലുള്ള എഴുത്ത്. | ഓരോകുട്ടിക്കും വെവ്വേറെ വർക്ക് ഷീറ്റുളും, കോപ്പികളും നൽകി പരിശീലിപ്പിക്കുന്നു. പതിപ്പുകളും, ചുമർപത്രികകളും നിർമ്മിക്കുന്നു. സ്കൂളിൽ നടക്കുന്ന വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു. | ഒരു വർഷം | പാർച്ച്മെന്റുകൾ, പത്രങ്ങൾ | അറബിക് ക്ലബ് |
| 7 | ഭാഷാ പഠനത്തിൽ ഐ. ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക. | എല്ലാ കുട്ടികളും അറബിക് കീബോർഡ് പഠിക്കൽ അറബിക് വാക്കുകൾ ടൈപ്പ് ചെയ്ത് ചേർത്ത് ചെറിയ പ്രസന്റേഷൻ ഫയലുകൾ നിർമ്മിക്കുന്നു. | ഒരു വർഷം | പുസ്തകങ്ങൾ, സി.ഡികൾ, കംപ്യൂട്ടർ | |

# Academic Master Plan

# SANSKRIT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>HS തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷ ജ്ഞാനം<br>• ആലാപനം<br>• സംഖ്യാബോധം<br>• ക്രിയാ പദങ്ങൾ<br>• സംഭാഷണം ചെറുവാക്യത്തിൽ<br>• ക്രിയാപദങ്ങളും അവയുടെ വചന വ്യത്യാസവും<br>• സുഭാഷിതാലാപനം<br>• ജീവചരിത്ര ലേഖനം<br>• വിവരണം തയ്യാറാക്കൽ | ജൂൺ - ആഗസ്റ്റ് | പാഠപുസ്തകം ICT | റിസോഴ്സ് അധ്യാപിക |
| | 2.പറയാം പഠിക്കാം<br>ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | | | |
| 3.വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കൽ) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | ICT | റിസോഴ്സ് അധ്യാപിക |
| 4. വായനാലോകം ( കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | • തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ സ്കൂൾ അസംബ്ലിയിൽ അനുമോദിക്കുക<br>• ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• ക്ലാസ് റൂമിൽ വായിക്കാനുള്ള അവസരം നൽകുക | ജൂൺ - മാർച്ച് | പുസ്തകങ്ങൾ | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ക്വിസ് മത്സരം നടത്തുന്നു<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6.ആസ്വാദന ലോകം (ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സർഗാത്മകം നിവാരണം ചെയ്യാനും വേണ്ടി) | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• പാട്ടുപാടാനും പ്രസംഗിക്കുവാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>• അക്ഷരം അറിയാത്ത കുട്ടികളെ പ്രത്യേകം ശ്രദ്ധപതിപ്പിച്ച് അക്ഷരം പഠിപ്പിക്കുക. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകമാക്കുന്നതിന്. | • ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 9.സംസ്കൃത പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യത എന്നിവ സജ്ജീകരിക്കൽ | കുട്ടികൾക്ക് ഓരോ പാഠഭാഗത്തിനും ആശയം കൂടുതൽ സ്വായത്തമാക്കാൻ അനുയോജ്യമായ ICT പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 10.പഠനനിലവാരം കണ്ടെത്തൽ | ഓരോ അധ്യായത്തിന് ശേഷവും ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കുട്ടിയിലെ മികവുകളും പരിമിതികളും കണ്ടെത്തുന്നു .അതിനനുസരിച്ച് പഠനനിലവാരം മെച്ചപ്പെടുത്തുകയും പിന്നോക്കക്കാരെ മുന്നിലെത്തിക്കുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 11.ഭാരതീയ സംസ്കാരത്തെ മനസ്സിലാക്കാൻ പൗരാണിക ഗ്രന്ഥങ്ങളെ പരിചയപ്പെടൽ | രാമായണ മഹാഭാരതവുമായി ബന്ധപ്പെട്ട് പ്രശ്നോത്തരി സംഘടിപ്പിക്കൽ | ആഗസ്റ്റ്- സെപ്റ്റംബർ | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അടിസ്ഥാന ഗണിതം

### ആമുഖം

കുട്ടികളുടെ ഗണിതവൽക്കരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളേയും ഗണിതപഠനത്തിന് താൽപര്യമുള്ളവരാക്കാൻ നമുക്ക് എന്ത് ചെയ്യാനാവും? കുട്ടികൾക്ക് ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം .കുട്ടികൾ ഗണിതം പഠിക്കണം .ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടിക്രമങ്ങളുമല്ല എന്ന തിരിച്ചറിവുണ്ടാവണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം.ക്ലാസിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഉണ്ടാകണം. ഇതിനു സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് ഉറപ്പാക്കേണ്ടത്. ജ്ഞാനനിർമ്മിതിയിലധിഷ്ഠിതമായ പ്രക്രിയബന്ധിത പഠനം ഈ ലക്ഷ്യത്തിലേക്ക് നമ്മെ അടുപ്പിക്കും.

## ഗണിത പഠനം പ്രശ്നങ്ങൾ:-

അക്കാദമികം-

1. 8,9,10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. കുട്ടികൾക്ക് പ്രൈമറി ക്ലാസിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.
3. ഐ.സി.ടി. അധിഷ്ഠിതമായും പ്രക്രിയാബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിന് പരിമിതിയുണ്ട്.
4. പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്.

ഭൗതികം-

1. ക്ലാസ്മുറികൾ ഐ.സി.ടി. അധിഷ്ഠിത പഠനത്തിനും പ്രവർത്തനാധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല.
2. ഗണിത ലാബിന്റെ അഭാവം
3. ലൈബ്രറി ഫലപ്രദമല്ല.

സാമൂഹികം:-

1. സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

## പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമികം

പ്രശ്നം 1 : 8,9,10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

പ്രവർത്തനം1 : പ്രീ-ടെസ്റ്റ്

ലക്ഷ്യം : 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പ ത്തികം | ഏജൻസി |
|---|---|---|---|---|
| 1. Pre-test നടത്തി ഗണിത ത്തിലെ അടിസ്ഥാന ക്രിയ കൾ ചെയ്യാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തൽ. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളു മായി സംവാദം നടത്തി കാരണം കണ്ടെത്തൽ | വിഷയ സമിതി | June | | |
| 2. Pre-test ൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ Peer-teaching, group work, മറ്റ് സംഖ്യാബോധം ഉറപ്പി ക്കാനുള്ളപ്രവർത്തനങ്ങൾ എന്നിവയിലൂടെ ചതുഷ്ക്രി യകൾ ഉറപ്പിക്കൽ. | വിഷയ സമിതി, മിടുക്ക രായ വിദ്യാർ ത്ഥികൾ | June | | |
| 3. S.R.G, Class PTA എന്നിവ വിളിച്ചു ചേർത്ത് Pre-test result അവതരിപ്പിക്കുക. | വിഷയ സമിതി | July | | |
| 4.ഗണിത ക്ലബ് രൂപീകരി ക്കൽ | Club Convenor | July | | |
| 5.ജ്യാമിതീയ രൂപങ്ങളെക്കു റിച്ച് പൊതുധാരണ ഉണ്ടാ ക്കുന്നതിനു വേണ്ടിയും നീളം, വീതി, ചുറ്റളവ്, പര പ്പളവ് ഇവയെക്കുറിച്ചുള്ള ആശയം കുട്ടികളിൽ വളർത്താൻ Waste material ഉപയോഗിച്ച് കുട്ടികൾ സ്വയം ഗണിത രൂപങ്ങൾ നിർമ്മിക്കലും അവയെ മറ്റു കുട്ടികൾക്ക് പരിചയപ്പെടു ത്തുകയും ചെയ്യുന്നു. | Club Convenor | July | | |

| | | | | |
|---|---|---|---|---|
| 6.ഗണിത താൽപര്യം ഉണർത്തുന്നതിനുവേണ്ടി ICT സാധ്യത ഉപയോഗിച്ച് ഓരോ പാഠഭാഗത്തും Geogebra യുടെ സഹായത്തോടെ വിശദീകരിക്കുന്നു. | | ഉചിതമായ സന്ദർഭങ്ങളിൽ | | |
| 7.ഗണിതത്തിൽ കൂടുതൽ താൽപര്യം ഉണ്ടാക്കുന്നതിന് Motivation Class പുറമെനിന്നുള്ള വിദഗ്ദ്ധരായ അധ്യാപകരുടെ സഹായത്തോടെ സംഘടിപ്പിക്കുന്നു. | | July | | Resource, Teachers പൂർവ്വവിദ്യാർത്ഥികൾ |
| 8.വിവിധ ഗണിത രൂപങ്ങൾ Puzles, games, Number chart, geometrical chart എന്നിവ തയ്യാറാക്കൽ | | August | | |
| 9. ഗണിത ശാസ്ത്ര മേളയ്ക്ക് പങ്കെടുക്കേണ്ട കുട്ടികളെ കണ്ടെത്തുക. | | September | | |
| 10.സ്കൂൾ തല ഗണിത ശാസ്ത്ര മേള നടത്തുന്നു. | | October | 5000/- | |
| 11.CLASS PTA ഓരോ TERM ലും വിളിച്ചു ചേർത്ത് ഗണിതത്തിലെ പിന്നോക്കാവസ്ഥ രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ, അതിലൂടെ അവരുടെ സഹായം ഉറപ്പ് വരുത്തൽ. | | | | |
| 12.ഗണിതലാബ് തയ്യാറാക്കൽ, പഠനോപകരണങ്ങൾ തയ്യാറാക്കൽ | ഗണിത അധ്യാപകരും വിദ്യാർത്ഥികളും | | 10000/- | |

| | | | | |
|---|---|---|---|---|
| 13.ഗണിതലൈബ്രറി തയ്യാറാക്കൽ ഗണിത ക്ലബ്ബിലെ അംഗങ്ങളുടെ സഹായത്തോടെ പുസ്തക സമാഹരണം | ഗണിത അധ്യാപകരും ക്ലബ്ബ് അംഗങ്ങളും | June 3rd week | 2000/- | |
| 14. Pre-test ൽ പിന്നോക്കം നിൽക്കുന്നകുട്ടികൾക്കുള്ള Review class. | ഗണിത അധ്യാപകർ | മാസത്തിൽ 2തവണ | | |

# CHM HSS KAVUMPADY
## SOCIAL SCIENCE

## ആമുഖം

ക്ലാസ് മുറിക്കുള്ളിൽ പാഠപുസ്തകത്തിൽ നിന്നും ലഭിക്കുന്ന അറിവുകൾക്കപ്പുറം കുട്ടികൾ നിത്യജീവിതത്തിൽ അറിഞ്ഞിരിക്കേണ്ടതും, അതിപ്രാധാന്യമുള്ളതുമായ ചില വസ്തുതകളും, വിജ്ഞാനവും അത് ലഭിക്കുന്നതിന് കുട്ടികൾ നേരിടുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളും കണ്ടെത്തി അത് കുട്ടികളുടെ സമയത്തിനും സാഹചര്യത്തിനും ഉള്ളിൽ നിന്ന്കൊണ്ട് എങ്ങനെ പരിഹരിക്കാമെന്നുള്ള ചില നിർദേശങ്ങൾ (പ്രശ്നങ്ങൾ,പരിഹാരനിർദേശങ്ങൾ, പ്രവർത്തനങ്ങൾ) മുന്നോട്ട് വയ്ക്കുന്നു.

**പ്രശ്നം-1**

## വായനയുടെ അഭാവം

പരിഹാര നിർദേശം:- (I) ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് വായനയിൽ ആഭിമുഖ്യം വളർത്തുക.

(II) റീഡിങ്ങ് കോർണർ.

പ്രവർത്തനം: (1) എല്ലാ ക്ലാസ് മുറികളിലും ഏതെങ്കിലും ഒരു പ്രമുഖ വാർത്താപത്രം എത്തിക്കുക.

(2) പരമാവധി ഇത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുക.

(3) എല്ലാ കുട്ടികളും ഓരോദിവസവും പ്രധാന 10 ന്യൂസുകളുടെയെങ്കിലും രത്ന ചുരുക്കം അവലോകന കൈപുസ്തകത്തിൽ രേഖപ്പെടുത്തുക.

(III) ക്ലാസ് ലൈബ്രറി

പ്രവർത്തനം:- (1) ഒരു കുട്ടിയിൽ നിന്ന് ഏറ്റവും കുറഞ്ഞത് ഒരു പുസ്തകമെങ്കിലും സംഭാവനയായി വാങ്ങുക.

(2) ആഴ്ചയിൽ ഓരോകുട്ടിയും കുറഞ്ഞത് ഒരു രൂപയെ ങ്കിലും സംഭാവന നൽകുക (ആഴ്ചയിലെ ഒരു പ്രത്യക ദിവസം അതിനായി കണ്ടെത്തുക)

(3) ഈ ഫണ്ട് ഉപയോഗപ്പെടുത്തി ഓരോ മാസവും നാല് പുസ്തകങ്ങൾ അധിക ശേഖരമാക്കുക.

(4) ആഴ്ചയിൽ ഓരോകുട്ടിക്കും ഒരു തവണ പുസ്തകവിതരണം നടത്തുക. (ഒരു പ്രത്യേക ദിവസം അതിനായി മാറ്റിവെയ്ക്കുക.) പുസ്തക വിതരണത്തിന് ക്ലാസ് ലീഡറും ഒന്നോ രണ്ടോ സഹായികളും നേതൃത്വം നൽകുക.

**പ്രശ്നം-2 പൊതുവിജ്ഞാനത്തിന്റെ അഭാവം**

പരിഹാര നിർദേശം :-(1) പൊതുവിജ്ഞാനം പാഠ്യ വിഷയങ്ങൾ പോലെയോ അതിലുപരിയോ പ്രാധാന്യമുള്ളതാണെന്ന ബോധവൽക്കരണം.

**പ്രവർത്തനം:-**

- ❖ മാസത്തിൽ ഒരു തവണയെങ്കിലും സ്കൂൾ തലത്തിൽ ക്വിസ്സ് മത്സരം നടത്തുക. ഇതിനായി കുട്ടികളെ സെലക്ട് ചെയ്യേണ്ടത് ഓരോ ക്ലാസിൽ നിന്നുമായിരിക്കണം.
- ❖ ക്ലാസ് തലത്തിൽ കുട്ടികൾ തന്നെ ചോദ്യം കണ്ടെത്തി ക്വിസ്സ് നടത്തി 1,2,3 സ്ഥാനക്കാരെ സെലക്ട് ചെയ്യണം( ഇതിന്റെ ചുമതല ക്ലാസിലെ ഓരോ ഗ്രൂപ്പിനേയും ഏൽപ്പിക്കാവുന്നതാണ്.)
- ❖ സ്കൂൾതല ക്വിസ്സ് കോംപിറ്റീഷൻ പൂർണ്ണമായും അധ്യാപകരുടെ മേൽനോട്ടത്തിലായിരിക്കണം.
- ❖ 1,2,3 സ്ഥാനക്കാർക്ക് സമ്മാനവും നൽകണം. (ഇത് കുട്ടികളിൽ കൂടുതൽ പ്രചോദനമുണ്ടാക്കാൻ സഹായകമാകും.)

**പ്രശ്നം-3 IMPORTANT DAYS ന്റെ പ്രാധാന്യമില്ലായ്മ**

പരിഹാര നിർദേശം:-

സെലിബ്രേറ്റഡ് ഡെയിസിനെകുറിച്ച് കുട്ടികളിൽ അവബോധം വളർത്തുക.

പ്രവർത്തനം:-

- ❖ ഇംപോർട്ടന്റ് ഡെയിസ് ഉൾക്കൊള്ളുന്ന കലണ്ടർ എല്ലാ ക്ലാസിലും പ്രദർശിപ്പിക്കുക.

- ഓരോ ദിവസത്തിന്റെയും പ്രാധാന്യവും സവിശേഷതയും അനുസരിച്ച് ഏതെങ്കിലും പരിപാടികളോ മത്സരങ്ങളോ സംഘടിപ്പിക്കുക.

  Eg. Quiss programme, Essay Writing competition, പ്രസംഗ മത്സരം, വൃക്ഷത്തൈ നടീൽ, ഔഷധ സസ്യത്തോട്ട നിർമ്മാണം

## പ്രശ്നം-4 പ്രാദേശിക ചരിത്രത്തിലെ അറിവ്/ധാരണ ഇല്ലായ്മ

പരിഹാര നിർദേശം:-

സ്വന്തം പ്രദേശം മഹത്തരമാണെന്നുള്ള ചിന്ത കുട്ടികളിലുണ്ടാക്കുക.

പ്രവർത്തനം:-

- പ്രാദേശിക ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും, സ്ഥാപനങ്ങളും, സ്മാരകങ്ങളും സന്ദർശിക്കുക.
- പ്രാദേശിക ചരിത്ര വിജ്ഞാനത്തിൽ പ്രാഗൽഭ്യമുള്ളവരുടെ ക്ലാസ്സുകൾ, അഭിമുഖങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

## പ്രശ്നം-5 പഴയകാലവീട്ടുപകരണങ്ങളെക്കുറിച്ചുള്ള ധാരണ/അറിവ് ഇല്ലായ്മ

പരിഹാര നിർദേശം:-

പഴയകാല വീട്ടുപകരണങ്ങളെയും അവയുടെ നിർമ്മാണ രീതിയും ഉപയോഗത്തിലെ സവിശേഷതകളും അറിയാനുള്ള ജിജ്ഞാസ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക.

പ്രവർത്തനം:-

- പ്രാദേശിക വിഭവ ശേഖരണം നടത്തുക.
- നാട്ടുകാരുടെയും, രക്ഷിതാക്കളുടെയും, കുട്ടികളുടെയും സഹകരണത്തോടെ പരമാവധി പഴയകാല ഉപകരണങ്ങളുടെയും സാധനങ്ങളുടെയും ശേഖരണം നടത്തി സ്കൂൾ തലത്തിൽ പ്രദർശിപ്പിക്കുകയും ഓരോന്നിന്റെയും ഉപയോഗവും പ്രവർത്തനവും കുട്ടികളിൽ എത്തിക്കുക.
- കഴിയുമെങ്കിൽ സ്കൂളിൽ പഴയകാല വസ്തുക്കളുടെ ശേഖരം ഉണ്ടാക്കുക.

# C.H.M.H.S.S. KAVUMPADY
## PHYSICAL SCIENCE

MASTER PLAN

| Sl NO | AIMS | ACTIVITY | DURATION | CHARGE | FUND | MONITERING |
|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭിമുഖ്യം വളർത്തുവാൻ ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് ശാസ്ത്ര ലൈബ്രറി | ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ, ശാസ്ത്രജ്ഞൻ മാരുടെ ജീവ ചരിത്രം,ശാസ്ത്ര മാസികകൾ, ശാസ്ത്ര പ്രബന്ധങ്ങൾ എന്നിവ അടങ്ങിയ പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ സഹായത്തോടെ ശേഖരിക്കൽ | 1 വർഷം | സയൻസ് അദ്ധ്യാപകർ | --- | HM |
| 2 | സി.ഡി ലൈബ്രറി യുടെ ശേഖരണം | പാഠഭാഗങ്ങളുടേതുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സ്ലൈഡുകൾ പരീക്ഷണങ്ങൾ അടങ്ങിയ വീഡിയോയുടെ ശേഖരണം ഉണ്ടാക്കുക. | 1 വർഷം | സയൻസ് അദ്ധ്യാപകർ | 3000/ | HM |
| 3 | ഫീൽഡ് ട്രിപ്പ് | ബാരാപോൾ ജല വൈദ്യുത പരിസ്ഥിതി ശാസ്ത്ര പഠനത്തിനു വേണ്ടിയുള്ള പഠനയാത്ര | വർഷത്തിൽ 1 തവണ | സയൻസ് അദ്ധ്യാപകർ | വിദ്യാർത്ഥികളിൽ നിന്ന് | HM |
| 4 | ഫാക്ടറി സന്ദർശനം | ഫാക്ടറി സന്ദർശിച്ച് കെമിക്കൽ റിയാക്ഷൻ എന്നിവ നിരീക്ഷിച്ച് പഠിക്കാനുള്ള അവസരം | വർഷത്തിൽ 1 തവണ | സയൻസ് അദ്ധ്യാപകർ | വിദ്യാർത്ഥികളിൽ നിന്ന് | HM |
| 5 | സയൻസ് പാർക്ക് | ശാസ്ത്ര പഠനത്തിന് സയൻസ് പാർക്ക് സന്ദർശിക്കുക | വർഷത്തിൽ 1 തവണ | സയൻസ് അദ്ധ്യാപകർ | വിദ്യാർത്ഥികളിൽ നിന്ന് | HM |

# C.H.M.H.S.S .KAVUMPADY
## BIOLOGY
## MASTER PLAN

| SI NO | AIMS | ACTIVITY | DURATION | CHARGE | FUND | MONITERING |
|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭി മുഖ്യം വളർത്തു വാൻ ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് ശാസ്ത്ര ലൈബ്രറി | ലളിതമായ ശാസ്ത്രപരീക്ഷണ ങ്ങൾ,ശാസ്ത്രജ്ഞ ന്മാരുടെ ജീവചരി ത്രം,ശാസ്ത്രമാസി കകൾ,ശാസ്ത്ര പ്രബന്ധങ്ങൾ എന്നിവ അടങ്ങിയ പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ സഹായത്തോടെ ശേഖരിക്കൽ. | 1 വർഷം | ജീവ ശാസ്ത്ര അദ്ധ്യാപ കൻ | | HM |
| 2 | CD ലൈബ്രറി യുടെ ശേഖരണം | പാഠഭാഗങ്ങളുമായ ി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, സ്ലൈടുകൾ,പരീ ക്ഷണങ്ങൾ അട ങ്ങിയ വീഡിയോ യുടെ ശേഖരണം ഉണ്ടാക്കുക | 1 വർഷം | ജീവ ശാസ്ത്ര അദ്ധ്യാപ കൻ | 2000/ | HM |
| 3 | ഫീൽഡ് ട്രിപ്പ് | പരിസ്ഥിതി ശാസ്ത്രപഠന ത്തിനു വേണ്ടി യും,മോർഫോ ളജിപഠന ത്തനുവേണ്ടിയുമു ള്ള ഫീൽഡ് ട്രിപ്പ് | വർഷത്തി ൽ1 തവണ | ജീവ ശാസ്ത്ര അദ്ധ്യാപ കൻ | വിദ്യാ ർത്ഥി ക ളിൽ നിന്ന് | HM |
| 4 | മ്യൂസിയം - സന്ദർശനം | മ്യൂസിയം സ ന്ദർശിച്ച് ജീവിഗണ ങ്ങൾ,ഫോസിലു കൾ എന്നിവ നിരീക്ഷിച്ച് പഠി ക്കാനുള്ള അവ സരം | വർഷത്തി ൽ1 തവണ | ജീവ ശാസ്ത്ര അദ്ധ്യാപ കൻ | വിദ്യാ ർത്ഥി ക ളിൽ നിന്ന് | HM |
| 5 | അക്വേറിയം- സന്ദർശനം | ജലജീവകളുടെ പഠനത്തിന് അക്വേറിയം സ ന്ദർശിക്കുക | വർഷത്തി ൽ1 തവണ | ജീവ ശാസ്ത്ര അദ്ധ്യാപ കൻ | വിദ്യാ ർത്ഥി കളി ൽനി ന്ന് | HM |

# C.H.M.H.S.S. KAVUMPADY

## കലാ വിദ്യാഭ്യാസം( സംഗീതം)

1. സംഗീതത്തിന്റെ പ്രാധാന്യം മനസിലാക്കൽ
   സംഗീതത്തിന്റെ പ്രാധാന്യം ചരിത്രപുസ്തകങ്ങളിലൂടെ മനസിലാക്കാൻ എല്ലാ കുട്ടികൾക്കും വായിക്കാൻ സാധിക്കും വിധം ക്ലാസിലെ സംഗീത ക്ലബിന്റെ ലീഡറിന്റെ ഉത്തരവാദിത്വത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്യുകയും, ശേഖരിക്കുകയും വായന ഉറപ്പ് വരുത്തുകയും ചെയ്യുന്നു.
2. സംഗീത ഉപകരണത്തിന്റെ പരിശീലനത്തിനാവശ്യമായ ഉപകരണവും, സംഗീതത്തിനാവശ്യമായ ഡെസ്റ്റ് ഫ്രീ ക്ലാസ് റൂമും, റൂമിനാവശ്യമായ ഫർണിച്ചറുകളും വേണം. ശബ്ദലേഖനം എങ്ങിനെയെന്നു മനസിലാക്കിക്കൊടുക്കാൻ ക്ലാസിൽ റെക്കോഡിങ്ങ് സോഫ്റ്റ്വേർ ഉള്ള കമ്പ്യൂട്ടർ സിസ്റ്റവും, റെക്കോഡിംഗിനും മറ്റും ആവശ്യമായ മൂന്നോ നാലോ മൈക്കുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടായിരിക്കണം.
3. ആഴ്ചയിൽ ഒരു പിരിയഡ് സ്മാർട്ട് റൂമിന്റെ സഹായത്തോടെ സംഗീതത്തെ സംബന്ധിച്ച ചരിത്രങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുവാനും, കലാപ്രാധാന്യമുള്ള സ്ഥലങ്ങൾ, സംഗീത ഉപകരണങ്ങൾ എന്നിവയെ പരിചയപ്പെടുത്തുവാനും, വിവിധ ടൈപ്പിലുള്ള സംഗീത രൂപങ്ങൾ അവ തമ്മിലുള്ള പ്രത്യേകതകൾ, ശൈലികൾ എന്നിവ മനസിലാക്കിക്കൊടുക്കുന്നതിനും, വിവിധ സംഗീതജ്ഞരെക്കുറിച്ചറിയുവാനും അവരുടെ പ്രകടനങ്ങൾ കേൾക്കുവാനും സാധിക്കണം.
4. ജൂൺ മാസം മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ തുടർച്ചയായി ഈ പ്രവർത്തനം നടത്താവുന്നതാണ്. വിവിധ കലാപ്രകടനങ്ങൾ നേരിട്ടുകാണാനുള്ള അവസരം നൽകൽ, സംഗീത പ്രാധാന്യമുള്ള സിനിമകൾ, ഡോക്യുമെന്ററികൾ എന്നിവ കാണാനുള്ള അവ

സരം നൽകൽ. വർഷത്തിലൊരിക്കൽ സംഗീത ക്വിസ്സ് നടത്തൽ, വർഷത്തിലൊരുതവണ കുട്ടികളുടെ സംഗീതപരിപാടികൾ സ്കൂളിൽ അവതരിപ്പിക്കൽ എന്നിവ പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

5. സംഗീതം ക്ലാസിക്കലായി പഠിക്കാൻ താല്പര്യമുള്ള കുട്ടികൾക്കായി നാലുമണി മുതൽ അഞ്ച് മണി വരെ പഠിപ്പിക്കാനുള്ള സാഹചര്യം ഒരുക്കാൻ സാധിക്കും.

6. ജൂൺ 21 ലോകസംഗീത ദിനം സമുചിതമായി ആഘോഷിക്കുവാനുള്ള സാഹചര്യം നൽകൽ, ജൂൺ 5 ലോക പരിസ്ഥിതി ദിനം ആചരിക്കൽ. അതിന്റെ ഭാഗമായി പരിസ്ഥിതിയുമായി ബന്ധപ്പെടുന്ന തരത്തിലുള്ള സംഗീതപരിപാടി അവതരിപ്പിക്കൽ. ആഗസ്ത് 15, ജനുവരി 26 എന്നീ ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട സംഗീതപരിപാടി അവതരിപ്പിക്കുവാനും ഓണം, ക്രിസ്തുമസ് എന്നിവയുടെ പ്രാധാന്യം വരത്തക്ക വിധത്തിലുള്ള സംഗീത അവതരണവും നടത്തണം.

7. എല്ലാ ക്ലാസ്സുകളിലും കലാ ക്ലബ്ബുകളുടെ രൂപീകരണം ജൂൺ ആദ്യവാരത്തിൽ തന്നെ നടത്തണം.

# കലാവിദ്യാഭ്യാസം

## ചിത്രകല

1. ചിത്രകലയുടെ പ്രാധാന്യം ചരിത്രത്തിലൂടെ മനസ്സിലാക്കൽ

a. കലയുമായി ബന്ധപ്പെട്ട ചരിത്രപുസ്തകങ്ങൾ തെരഞ്ഞെടുത്ത് എല്ലാ കുട്ടികൾക്കും വായിക്കാൻ സാധിക്കും വിധത്തിൽ എല്ലാ ക്ലാസ്സിലും മാറി മാറി വിതരണം ചെയ്യുന്നു. ക്ലാസ്സുകളിൽ രൂപീകരിച്ചിട്ടുള്ള ആർട്ട് ക്ലബ്ബ് ലീഡറുടെ ഉത്തരവാദിത്വത്തിൽ പുസ്തകം വിതരണം ചെയ്യുകയും ശേഖരിക്കുകയും വായന ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

b. ആഴ്ചയിൽ ഒരു പിരീയഡ് Smart room ന്റെ സഹായത്തോടെ കലാചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും ചിത്രങ്ങളും വീഡിയോകളും ചിത്രകാരന്മാരേയും കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു.

c. ജൂൺ മാസം മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ തുടർച്ചയായി ഈ പ്രവർത്തനം നടത്താവുന്നതാണ്. ഒരു ദീർഘകാല പ്രവർത്തനമായി പരിഗണിച്ച് നടപ്പിൽ വരുത്താവുന്ന പ്രവർത്തനമാണിത്.

സാമൂഹ്യ ചുറ്റുപാടിൽ നിന്ന് നേരിട്ട് പഠിക്കാൻ അവസരം നൽകൽ.

ക്രാഫ്റ്റ് വില്ലേജ്, മാഹി കലാഗ്രാമം , പണിശാലകൾ, എടക്കൽ ഗുഹ എന്നിങ്ങനെയുള്ള സ്ഥലങ്ങൾ സന്ദർശനം, സെപ്തംബർ മാസത്തിൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്ക് പഠനയാത്ര (മാഹി കലാഗ്രാമം). ഒക്ടോബർ മാസത്തിൽ 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് ക്രാഫ്റ്റ് വില്ലേജ് സന്ദർശിക്കാൻ അവസരം. ഇതിനാവശ്യമായ ഫണ്ട് പി.ടി.എ, മാനേജർ എന്നിവരിൽ നിന്നും ശേഖരിക്കുന്നു. ഹ്രസ്വകാല പ്രവർത്തനമാണെങ്കിലും തുടർച്ചയായി ഓരോ വർഷവും പ്രാബല്യത്തിൽ വരുത്താവുന്ന ഒന്നാണ്.

## പെയിന്റിംഗ് പരിശീലനം

I. മാസത്തിൽ ഒരിക്കൽ പെയിന്റിംഗിൽ പ്രത്യേക പരിശീലനം നൽകൽ.

II. സാമൂഹ്യപ്രതിബദ്ധത വളർത്തൽ

ജൂൺ 5 ലോക പരിസ്ഥിതി ദിനം- പരിസ്ഥിതി വാരാചരണം നടത്തുന്നു. ഇതിന്റെ ഭാഗമായി റാലി, ചിത്രം വര, ബോധവൽക്കരണ സെമിനാർ എന്നിവ പൊതുസ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നു. ജൂൺ 26, ഡിസംബർ 1, ആഗസ്ത് 6, മുതലായ വിശേഷ ദിനങ്ങൾ ആചരിക്കുകയും അതിനോടനുബന്ധിച്ച് ചിത്രരചനാ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു.

കലാ ക്ലബ്ബുകളുടെ രൂപീകരണം

എല്ലാ ക്ലാസ്സുകളിലും ക്ലബ്ബുകളുടെ രൂപീകരണം ജൂൺ ആദ്യവാരം നടത്തും.

## ലക്ഷ്യങ്ങൾ

1. രേഖാചിത്രങ്ങൾ വരയ്ക്കാൻ പരിശീലനം.
2. സാമൂഹ്യ നന്മയ്ക്ക് ചിത്രരചന എങ്ങിനെ പ്രയോജനപ്പെടുത്തണം.
3. രേഖാചിത്രങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ

| വിഷയവുമായി ബന്ധപ്പെട്ട മികവുകൾ | പ്രശ്നങ്ങൾ | പരിഹാരത്തിനാവശ്യമായ പദ്ധതികൾ | പരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ | കലണ്ടർ, ഹ്രസ്വം, ദീർഘം, ഇടക്കാലം | ബജറ്റ്, വരുമാനസ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ചിത്രരചനയിൽ പരിശീലനം ലഭിക്കുന്നു. രേഖാചിത്രങ്ങൾ കൂടുതൽ മികവോടെ വരയ്ക്കാൻ സാധിക്കുന്നു. കൂടുതൽ പരിശീലനം ലഭിക്കുന്നു. | എല്ലാ കുട്ടികളെയും ഒരുപോലെ പരിശീലിപ്പിക്കാനാവശ്യമായ സൗകര്യവും സമയവും ലഭ്യമല്ലാത്തത്. | ഇടവേളകൾ കണ്ടെത്തി പ്രത്യേക പരിശീലനം | പ്രഗത്ഭരായ ചിത്രകാരന്മാരുടെ സഹായത്തോടെ പ്രത്യേക പരിശീലനം | ദീർഘം | 40,000<br>1. പി. ടി. എ ഫണ്ട്<br>2. മാനേജർ |

**ലക്ഷ്യങ്ങൾ**

1. സാമൂഹ്യ പ്രതിബദ്ധത ഉണർത്തുക
2. വളർത്തുക
3. പരിപോഷിപ്പിക്കുക

| വിഷയവുമായി ബന്ധപ്പെട്ട മികവുകൾ | പ്രശ്നങ്ങൾ | പരിഹാരത്തിനാവശ്യമായ പദ്ധതികൾ | പരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ | കലണ്ടർ, ഹ്രസ്വം, ദീർഘം, ഇടക്കാലം | ബജറ്റ്, വരുമാന സ്രോതസ്സ് |
|---|---|---|---|---|---|
| സാമൂഹ്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും. കലാകാരന് സമൂഹത്തിലുണ്ടാകേണ്ട പ്രാധാന്യം മനസ്സിലാക്കുന്നു. | സാമൂഹ്യ അനീതിക്കെതിരെ പ്രവർത്തിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കാൻ കഴിയാത്തത്. | വർഗ്ഗീയത, സ്ത്രീ വിരുദ്ധം, മദ്യം, മയക്കുമരുന്ന് പോലുള്ള സാമൂഹ്യതിന്മകൾക്ക് എതിരെ ശബ്ദിക്കാനും പ്രതികരിക്കാനും ചിത്രരചന ഉപയോഗപ്പെടുത്തി പ്രദർശനങ്ങളും ചിത്രരചനാ ക്യാമ്പുകളും മറ്റും സംഘടിപ്പിക്കൽ. | വിശേഷദിവസങ്ങളിൽ ചിത്രരചനാ മത്സരങ്ങളും ചിത്രപ്രദർശനവും സംഘടിപ്പിക്കുക പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കാനുള്ള അവസരം | ദീർഘകാലം | ഫണ്ട് ശേഖരണം<br>1. പി.ടി.എ ഫണ്ട്<br>2. മാനേജർ 15000 രൂപ ചെലവ് വരും |

**ലക്ഷ്യങ്ങൾ**

1. ചിത്രകലയുടെ പ്രാധാന്യം ചരിത്ര പഠനത്തിലൂടെ മനസ്സിലാക്കൽ
2. കാലത്തിനനുസരിച്ചുണ്ടായ മാറ്റങ്ങൾ തിരിച്ചറിയൽ (വളർച്ച)
3. ചരിത്രത്തിൽ ഇടം നേടിയ ചിത്രകാരന്മാരെ മനസ്സിലാക്കൽ

| വിഷയവുമായി ബന്ധപ്പെട്ട മികവുകൾ | പ്രശ്നങ്ങൾ | പരിഹാരത്തിനാവശ്യമായ പദ്ധതികൾ | പരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ | കലണ്ടർ, ഹ്രസ്വം, ദീർഘം, ഇടക്കാലം | ബജറ്റ്, വരുമാന സ്രോതസ്സ് |
|---|---|---|---|---|---|
| ചിത്രകലയുടെ തുടക്കവും രേഖ ചിത്രകലയ്ക്ക് ഉണ്ടായ പ്രാധാന്യവും ചരിത്രത്തിൽ ചിത്രകലയ്ക്ക് ഉള്ള സ്ഥാനവും മനസ്സിലാക്കാൻ ഓരോ കുട്ടിക്കും കഴിയുന്നു. കൂടുതൽ ചരിത്ര പുസ്തകങ്ങൾ വായിക്കാൻ കഴിയുന്നു. | കുട്ടികൾക്ക് ചരിത്രപഠനത്തിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാകാത്തത്, കലാപഠനത്തിന് പുസ്തകം ഇല്ലാത്തത്. | കുട്ടികൾക്ക് വിഷയവുമായി ബന്ധപ്പെട്ട പുസ്തകം അനിവാര്യമാണ്. മറ്റ് വിഷയങ്ങൾക്ക് പുസ്തകം നൽകുന്നതിനോടൊപ്പം ചിത്രകലയ്ക്കും പുസ്തകം നൽകൽ | സ്കൂൾ ലൈബ്രറിയുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തുക ഐ.ടി മേഖലയുടെ സഹായം കൂടുതൽ പ്രയോജനപ്പെടുത്തി Video, Photos എന്നിവ കൂടി കുട്ടികളെ കാണിക്കുക. | ഇടക്കാലം | 6300<br>1. പി.ടി.എ ഫണ്ട്<br>2. മാനേജർ |

## ചിത്രകലാ (കലാ വിദ്യാഭ്യാസം)

കാഴ്ചപ്പാട് : നിറങ്ങളുടെ ഉപയോഗം

**ലക്ഷ്യങ്ങൾ**

1. നിറങ്ങൾ മനസ്സിലാക്കൽ
2. വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് നിറം കൊടുക്കലിൽ പരിശീലനം
3. വിവിധ പെയിന്റിംഗുകളുടെ പ്രദർശനം

| വിഷയവുമായി ബന്ധപ്പെട്ട മികവുകൾ | പ്രശ്നങ്ങൾ | പരിഹാരത്തിനാവശ്യമായ പദ്ധതികൾ | പരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ | കലണ്ടർ, ഹ്രസ്വം, ദീർഘം,ഇടക്കാലം | ബജറ്റ് |
|---|---|---|---|---|---|
| നിറം കൊടുക്കലിൽ പ്രത്യേക പരിശീലനം ലഭിക്കുന്നു. വരച്ച ചിത്രങ്ങൾ കാണാനും ആസ്വദിക്കാനും കുട്ടികൾക്ക് കഴിയുന്നു. | നിറം കൊടുക്കൽ പരിശീലനത്തിനാവശ്യമായ സമയവും സൗകര്യങ്ങളും സ്കൂളുകളിൽ ലഭ്യമല്ലാത്തത്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കാൻ കഴിയാത്തത്. | ഇടവേളകൾ പരമാവധി പ്രയോജനപ്പെടുത്തി പരിശീലനം നടത്തുക, കലാ ക്ലബ്ബുകളുടെ സഹായത്തോടെ വരയ്ക്കാനാവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കുക. | പെയിന്റിംഗ് പരിശീലന ക്യാമ്പ് മാസത്തിൽ ഒരുതവണ നടത്താനുള്ള അവസരം ഒരുക്കുക | ദീർഘം | 1. പിടിഎ ഫണ്ട് 2. മാനേജർ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികസനത്തിന് കായികാഭ്യാസവും യോഗാചര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു.

## പ്രശ്നങ്ങൾ- അക്കാദമികം

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ സാധിക്കുന്നില്ല.
2. വൈവിധ്യമാർന്ന കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകരില്ല.
3. കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളും സമൂഹവും പൂർണ്ണമായി തിരിച്ചറിഞ്ഞിട്ടില്ല.
4. ഓരോ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.

## ഭൗതികം

1. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല.
2. ജംപിങ്ങ് പിറ്റ് സൗകര്യം ഇല്ല.
3. പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭ്യമാകുന്നില്ല.
4. കായിക പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഇല്ല.

## സാമൂഹികം

1. പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് എത്തിക്കുന്നതിനുള്ള പരിപാടികൾ ഇല്ല.

## പ്രശ്ന വിശകലനം മേഖല - അക്കാദമികം

1. എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല

## കാരണങ്ങൾ

1. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പെൺകുട്ടികൾ വിമുഖത കാണിക്കുന്നു.
2. മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പഠനത്തിന് നൽകുന്നില്ല.
3. എല്ലാ മേഖലയിലും പരിശീലനം നൽകാൻ കഴിയുന്നില്ല.
4. രക്ഷിതാവിന് കുട്ടികളെ കായിക പ്രവർത്തനങ്ങൾക്ക് പങ്കെടുപ്പിക്കുന്നതിൽ താൽപ്പര്യമില്ല.
5. താഴെ ക്ലാസ്സുകളിൽ കായിക പഠനത്തിന് അധ്യാപകരില്ല. സൗകര്യമില്ല.
6. കായിക പഠനത്തിന് ആവശ്യമായ പിരീയേഡുകളില്ല.

## പരിഹാര പ്രവർത്തനം- വിശദാംശങ്ങൾ

### 1. ടാലന്റ് സെർച്ച് പദ്ധതി

കുട്ടികൾക്ക് താൽപ്പര്യമുള്ള കായിക ഇനങ്ങൾ തെരെഞ്ഞെടുക്കുവാൻ അവസരം നൽകുകയും ഒരേ ഇനം ലഭിച്ച കുട്ടികളെ നിശ്ചിത മേഖലയുടെ പ്രാഥമിക ശേഷി നിലവാരം അളക്കുന്നതിനും നിശ്ചിത ഇനത്തിൽ കുട്ടിക്കുള്ള സാദ്ധ്യത കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തണം. നിശ്ചിത മേഖലയിൽ കൂടുതൽ വിദഗ്ധരുടെ സഹായത്തോടെ പരിശീലനം നൽകണം.

ഓരോ ഇനത്തിനും രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ടീം നേതൃത്വം നൽകണം. സമഗ്രമായ നേതൃത്വം കായികാദ്ധ്യാപകൻ ഏറ്റെടുക്കണം.

## 2. കായിക ശിൽപ്പശാല

കായിക മേഖല തെരെഞ്ഞെടുത്തു മുഴുവൻ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുക. ശിൽപ്പശാലയിൽ കായിക പഠനത്തിന്റെ പ്രാധാന്യം, സാധ്യതകൾ എന്നിവ വിദഗ്ധരായ കായികാദ്ധ്യാപകർ വിശദീകരിക്കും. തുടർന്ന് ഇനം തിരിച്ചുള്ള ഗ്രൂപ്പുകളിൽ പ്രവർത്തനം നടക്കും

## 3. സമ്പൂർണ്ണ നീന്തൽ സാക്ഷരത

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കുന്ന പ്രവർത്തനമാണിത്. രക്ഷിതാക്കളുടെ പിന്തുണയും സാന്നിദ്ധ്യവും ഈ പരിപാടിക്ക് അനിവാര്യമാണ്.

പരിഹാര നിർദ്ദേശം

1. കായിക ക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.
2. എല്ലാവിധ കായിക പഠനത്തിനും ഉള്ള സൗകര്യമൊരുക്കൽ.
3. എല്ലാ കുട്ടികളേയും നീന്തൽ പഠനം ഉറപ്പാക്കൽ.
4. L.P, U.P ക്ലാസ്സുകളിൽ കായിക പഠനത്തിന് അവസരമൊരുക്കൽ.
5. രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കൽ.
6. കായിക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യമൊരുക്കൽ.
7. പിരിയേഡുകൾ വർദ്ധിപ്പിക്കൽ.

**പരിഹാരപ്രവർത്തനം**

1. ടാലന്റ് സെർച്ച് പരിപാടി
2. കുട്ടികളുടെ കായിക ശിൽപ്പശാല
3. സമ്പൂർണ്ണ നീന്തൽ സാക്ഷരത
4. വൈവിധ്യമാർന്ന കായിക പരിശീലനം
5. രക്ഷാകർത്തൃ ബോധവൽക്കരണം
6. L.P, U.P തലങ്ങളിൽ കായിക അദ്ധ്യാപക സേവനം, കുട്ടികളുടെ കായിക ക്ഷമത ഉറപ്പാക്കൽ.

പ്രൈമറി സ്കൂളിലെ കായിക പഠനം കളമൊരുക്കാൻ കായിക ക്ഷമതയും കുട്ടികളിലെ താൽപ്പര്യവും പ്രൈമറി തലം മുതൽ വളർത്തിയെടുക്കുന്നതിനുള്ള സംവിധാനം വേണം. BRC, പഞ്ചായത്തുകൾ എന്നിവയുടെ സഹായത്തോടെ L.P, U.P വിദ്യാലയങ്ങളിലെ കായിക പരിശീലനത്തിനുള്ള സംവിധാനം ഒരുക്കും. ഇത് ഹൈസ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസത്തിന്റെ മികവ് ഉയർത്താൻ സഹായകമാകും.

**പ്രവർത്തന പദ്ധതി വിശകലനം.**

**ടാലന്റ് സെർച്ച്**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| 1. കായിക പഠനത്തിന് താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ -ഇനം നിശ്ചയിക്കൽ (8-ാം ക്ലാസ്സ്) | കായിക സമിതി | ജൂലൈ 17 | |
| 2. നിശ്ചിത മേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനം | കായിക സമിതി | ജൂലൈ 19 | |

| | | | |
|---|---|---|---|
| 3. ഓരോ ഇനത്തിലും ഉപസമിതിയെ കണ്ടെത്തൽ | കായിക സമിതി | ജൂലൈ 19 | |
| 4. ഓരോ ഇനത്തിലും കുട്ടികളുടെ ഉപസമിതി അംഗങ്ങളുടെ പേര് വിവരം രജിസ്റ്റർ തയ്യാറാക്കൽ | കായിക സമിതി | ജൂലൈ 19 | |
| 5. പ്രതിവാര പരിശീലന പരിപാടി | | ജൂലൈ 19, ഫെബ്രു 18 | 10,000 |

## കായിക ശിൽപ്പശാല

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| 1. കുട്ടികൾക്കും രക്ഷിതാക്കൾക്കും ക്ലാസ്സെടുക്കുന്നവരെ കണ്ടെത്തൽ-അറിയിക്കൽ | കായിക സമിതി | ജൂലൈ 19 | |
| 2. ശിൽപ്പശാല ആസൂത്രണം | കായിക സമിതി | ജൂലൈ 19 | 20,000 |
| 3. പഠന ശാല | | | |
| ഗ്രൂപ്പ് പ്രവർത്തനം | കായിക സമിതി | ജൂലൈ 19 | |
| 4. വിലയിരുത്തൽ | കായിക സമിതി | ജൂലൈ 19 | |

## സമ്പൂർണ്ണ നീന്തൽ സാക്ഷരത

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| 1. നീന്തൽ അറിയുന്ന കുട്ടികളെ കണ്ടെത്തൽ | ക്ലാസ്സ് ടീച്ചർ | ജൂൺ | |
| 2. നീന്തൽ പഠനം ആവശ്യമായ കുട്ടികളുടെ എണ്ണം ശേഖരിക്കൽ | ക്ലാസ്സ് ടീച്ചർ, കായിക അദ്ധ്യാപകൻ | ജൂൺ | |
| 3. രക്ഷാകർത്തൃ ബോധവൽക്കരണം ക്ലാസ്സ് പി.ടി.എ | ക്ലാസ്സ് ടീച്ചർ കായിക അദ്ധ്യാപകൻ | ജൂൺ | |
| 4. പരിശീലകരെ കണ്ടെത്തൽ (ആൺ/പെൺ) | ടീം പ്രൊജക്ട് | ആഗസ്ത് | |
| 5. ഒഴിവ് ദിവസങ്ങളിൽ പരിശീലനം | ടീം പ്രൊജക്ട് | ഡിസംബർ | 25,000 |
| 6. സമ്പൂർണ്ണ നീന്തൽ | | | |
| സാക്ഷരത പ്രഖ്യാപനം | ടീം പ്രൊജക്ട് | ജനു. 28 | 25,00 |

## വൈവിധ്യമാർന്ന കായിക പരിശീലനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| 1. സ്കൂളിന് അനുയോജ്യമായ കായിക പ്രവർത്തനം തെരെഞ്ഞെടുക്കൽ | ടീം പ്രൊജക്ട് | ആഗസ്ത് | |
| 2. താൽപ്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തൽ | കായിക അദ്ധ്യാപകൻ | ആഗസ്ത് | |
| 3. പരിശീലകരെ കണ്ടെത്തൽ | ടീം പ്രൊജക്ട് & SRG | ആഗസ്ത് to നവംബർ | 60,000 |